## മധുരമായ കുട്ടികളേ - നിങ്ങൾ ഈ പഠിപ്പിലൂടെ ശാന്തിധാമം വഴി തന്റെ സുഖധാമത്തിലേക്ക് പോകുന്നു, ഇതുതന്നെയാണ് നിങ്ങളുടെ ലക്ഷ്യം, ഇതൊരിക്കലും മറക്കരുത്.

**ചോദ്യം:-** നിങ്ങൾ കുട്ടികൾ സാക്ഷിയായി ഈ സമയം ഡ്രാമയിലുള്ള ഏതൊരു ദൃശ്യത്തെയാണ് കണ്ടുകൊണ്ടിരിക്കുന്നത്?

**ഉത്തരം:-** ഈ സമയം ഡ്രാമയിൽ പൂർണ്ണമായും ദു:ഖത്തിന്റെ ദൃശ്യങ്ങളാണ്. അഥവാ ആർക്കെങ്കിലും സുഖമുണ്ടെങ്കിൽ തന്നെ അല്പകാലത്തെ കാകവിഷ്ടസമാനമാണ്. ബാക്കി ദുഃഖം തന്നെ ദുഃഖമാണ്. നിങ്ങൾ കുട്ടികൾ ഇപ്പോൾ പ്രകാശത്തിലേക്ക് വന്നിരിക്കുകയാണ്. അറിയാം ഓരോ സെക്കന്റും ഈ പരിധിയില്ലാത്ത സൃഷ്ടി ചക്രം കറങ്ങിക്കൊണ്ടിരിക്കുകയാണ്. ഒരു ദിവസത്തെയും മറ്റൊരു ദിവസവുമായി സാമ്യപ്പെടുത്താൻ സാധിക്കില്ല. മുഴുവൻ ലോകത്തിലെയും അഭിനയം പരിവർത്തനപ്പെട്ടു കൊണ്ടിരിക്കുന്നു. പുതിയ ദൃശ്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു.

**ഗീതം:-** ആരാണോ അച്ഛനോടൊപ്പം അവർക്കാണ് ജ്ഞാനമഴ.....

**ഡബിൾ ഓം ശാന്തി.** ഒന്ന്-ബാബ സ്വധർമ്മത്തിൽ സ്ഥിതി ചെയ്തിരിക്കുന്നു, രണ്ട്- കുട്ടികളോടും പറയുന്നു തന്റെ സ്വധർമ്മത്തിൽ സ്ഥിതി ചെയ്യൂ, ബാബയെ ഓർമ്മിക്കൂ. മറ്റാർക്കും തന്നെ സ്വധർമ്മത്തിൽ സ്ഥിതി ചെയ്യൂ എന്ന് നമ്മോട് പറയാൻ സാധിക്കില്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇപ്പോൾ നിശ്ചയമുണ്ട്. നിശ്ചയബുദ്ധി വിജയന്തി. അവർക്കേ വിജയം നേടാൻ സാധിക്കൂ. എന്തിന്റെ വിജയമാണ് നേടുന്നത്? ബാബയിൽ നിന്നും സമ്പത്ത് നേടുന്നതിന്റെ വിജയം. സ്വർഗ്ഗത്തിലേക്ക് പോവുക- ഇതാണ് ബാബയിൽ നിന്നുള്ള സമ്പത്ത് നേടുന്നതിന്റെ വിജയം ലഭിക്കുക എന്നത്. ബാക്കിയെല്ലാം പദവി ലഭിക്കുന്നതിനുള്ള പുരുഷാർത്ഥമാണ്. സ്വർഗ്ഗത്തിലേക്ക് തീർച്ചയായും പോകണം. കുട്ടികൾക്കറിയാം ഇത് മോശമായ ലോകമാണ്. വളരെയധികം ദുഃഖം വരാൻ പോവുകയാണ്. ഡ്രാമയുടെ ചക്രത്തെക്കുറിച്ചും നിങ്ങൾക്കറിയാം. അനേക തവണ നിങ്ങൾ കുട്ടികളെ പാവനമാക്കാനായി, സർവ്വാത്മാക്കളെയും കൊതുകു കൂട്ടത്തിനു സമാനം കൊണ്ടുപോകാനായി ബാബ വന്നിട്ടുണ്ട്, പിന്നീട് സ്വയം നിർവ്വാണധാമത്തിലേക്ക് പോയി വസിക്കുന്നു. കുട്ടികളും നിർവ്വാണധാമത്തിലേക്ക് പോകും! നിങ്ങൾ കുട്ടികൾക്ക് ഈയൊരു സന്തോഷമുണ്ടായിരിക്കണം - ഈ പഠിപ്പിലൂടെ നമ്മൾ ശാന്തിധാമം വഴി സുഖധാമത്തിലേക്ക് പോകും. ഇതാണ് നിങ്ങളുടെ ലക്ഷ്യം. ഇതൊരിക്കലും മറക്കരുത്. ദിവസേന നിങ്ങൾ പഠിക്കുന്നുണ്ടല്ലോ. നമ്മെ പതിതത്തിൽ നിന്നും പാവനമാക്കാൻ വേണ്ടിയാണ് ബാബ പഠിപ്പിക്കുന്നതെന്ന് അറിയാം. പാവനമാകാനുള്ള സഹജമായ ഉപായമാണ് ഓർമ്മ. ഇതൊന്നും പുതിയ കാര്യമല്ല. ഭഗവാൻ രാജയോഗം പഠിപ്പിച്ചു എന്ന് ഗീതയിൽ എഴുതിയിട്ടുണ്ട്. കേവലം കൃഷ്ണന്റെ പേര് വെക്കുക എന്ന തെറ്റ് ചെയ്തു. കുട്ടികൾക്ക് എന്ത് ജ്ഞാനമാണോ ലഭിച്ചിരിക്കുന്നത് അത് ഗീതാ ശാസ്ത്രത്തിലല്ലാതെ മറ്റൊരു ശാസ്ത്രങ്ങളിലുമില്ല. കുട്ടികൾക്കറിയാം ബാബയോളം മഹിമ മറ്റൊരു മനുഷ്യനുമില്ല. ബാബ വന്നില്ലാ എങ്കിൽ ഈ സൃഷ്ടി ചക്രം എങ്ങനെ കറങ്ങാനാണ്? ദുഃഖധാമം എങ്ങനെ സുഖധാമമായിത്തീരും? സൃഷ്ടി ചക്രം കറങ്ങുക തന്നെ വേണം. ബാബയ്ക്ക് തീർച്ചയായും വരേണ്ടതായുണ്ട്. ബാബ വരുന്നതു തന്നെ എല്ലാവരെയും തിരികെ കൊണ്ടുപോകാനാണ് വീണ്ടും ചക്രം കറങ്ങുന്നു. ബാബ വരുന്നില്ലെങ്കിൽ കലിയുഗം എങ്ങനെ സത്യയുഗമാകും? ബാക്കി ഈ കാര്യങ്ങളൊന്നും മറ്റൊരു ശാസ്ത്രങ്ങളിലുമില്ല. ഗീതയിലാണ് രാജയോഗത്തെക്കുറിച്ചുള്ളത്. ആബുവിൽ ഭഗവാൻ വന്നു എന്ന് മറ്റുള്ളവർ അറിയുകയാണെങ്കിൽ എല്ലാവരും ഇങ്ങോട്ട് ഓടിവരും. സന്യാസിമാർക്കും ഭഗവാനെ കാണണമെന്ന് ആഗ്രഹമുണ്ടാകില്ലേ. തിരികെ പോകുന്നതിനായി എല്ലാവരും പതിതപാവനനെ ഓർമ്മിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ കോടിമടങ്ങ് ഭാഗ്യശാലികളായി മാറിക്കൊണ്ടിരിക്കുകയാണ്. അവിടെ(സത്യയുഗത്തിൽ) അളവറ്റ സുഖമുണ്ടാകുന്നു. പുതിയ ലോകത്തിലുണ്ടായിരുന്ന ദേവിദേവതകളുടെ ധർമ്മം ഇപ്പോഴില്ല. ശിവബാബ ബ്രഹ്മാവിലൂടെ ദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ഇത് വളരെ വ്യക്തമാണ്. നിങ്ങളുടെ ലക്ഷ്യം തന്നെ ഇതാണ്. ഇതിൽ സംശയിക്കേണ്ടതായ കാര്യമൊന്നുമില്ല. മുന്നോട്ടു പോകവേ എല്ലാം മനസ്സിലായിക്കോളും. രാജധാനി സ്ഥാപിക്കപ്പെടുകയാണെന്ന് മനസ്സിലാകും. ആദി സനാതന ധർമ്മം ദേവതകളുടേതാണ്. നിങ്ങൾ സ്വർഗ്ഗത്തിലായിരുന്നപ്പോൾ ഈ ദേശത്തിന്റെ പേര് ഭാരതം എന്നായിരുന്നു, ഇപ്പോൾ നരകത്തിൽ ഹിന്ദുസ്ഥാൻ എന്നായി. ഇവിടെ ദുഃഖം മാത്രമേയുള്ളൂ. പിന്നീട് സൃഷ്ടിയുടെ പരിവർത്തനം സംഭവിച്ച് സ്വർഗ്ഗം അതായത് സുഖധാമമാകുന്നു. ഈ ജ്ഞാനം ഇപ്പോൾ നിങ്ങൾ കുട്ടികളിലുണ്ട്. ലോകത്തിലുള്ള മനുഷ്യർക്ക് ഇതിനെക്കുറിച്ചൊന്നും അറിയില്ല. സ്വയം ഭഗവാൻ തന്നെ പറയുന്നു ഇത് അന്ധകാരം നിറഞ്ഞ

രാത്രിയാണെന്ന്. രാത്രിയിലാണ് മനുഷ്യർ ബുദ്ധിമുട്ടനുഭവിക്കുക. നിങ്ങൾ കുട്ടികൾ ഇപ്പോൾ പ്രകാശത്തിലാണ്. ഇതെല്ലാം തന്നെ സാക്ഷിയായി ബുദ്ധിയിൽ ധാരണ ചെയ്യണം. ഓരോ സെക്കന്റും ഈ പരിധിയില്ലാത്ത സൃഷ്ടി ചക്രം കറങ്ങി കൊണ്ടിരിക്കുന്നു. ഒരു ദിവസത്തെ പോലും മറ്റൊന്നുമായി സാമ്യപ്പെടുത്താൻ സാധിക്കില്ല. മുഴുവൻ ലോകത്തിലുമുള്ള ഓരോ അഭിനേതാക്കളുടെയും അഭിനയത്തിന് വ്യത്യാസമുണ്ട്. പുതിയതായ ദൃശ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ സമയം പൂർണ്ണമായും ദുഃഖത്തിന്റെ ദൃശ്യങ്ങളാണ്. അഥവാ സുഖമുണ്ടെങ്കിൽപ്പോലും അല്പകാലത്തേതാണ്. ബാക്കി ദുഃഖം തന്നെ ദുഃഖമാണ്. ഈ ജന്മത്തിൽ സുഖമാണെങ്കിൽ അടുത്ത ജന്മത്തിൽ ദുഃഖമായിരിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് – നമുക്ക് നമ്മുടെ വീട്ടിലേക്ക് പോകണം. ഇതിനുവേണ്ടി പാവനമാകാനായി പ്രയത്നിക്കണം. ശ്രീ ശ്രീ ശിവബാബ ശ്രീ ലക്ഷ്മീ–നാരായണനായി മാറാനുള്ള ശ്രീമതമാണ് നൽകുന്നത്. ഒരു വക്കീലിന്റെ മതമാണ് – വക്കീലായി ഭവിയ്ക്കട്ടെ. ഇപ്പോൾ ബാബയും പറയുന്നു – ശ്രീമത്തിലൂടെ ലക്ഷ്മി–നാരായണനായിത്തീരൂ.

സ്വയത്തോട് ചോദിക്കണം – എന്നിൽ ഏതെങ്കിലും അവഗുണമുണ്ടോ? ഈ സമയത്താണ് എല്ലാവരും പാടുന്നത് – ഗുണമില്ലാത്ത എന്നിൽ ദയ ചൊരിഞ്ഞാലും... ബാബ പറയുന്നു, കുട്ടികളേ ഞാൻ ആരിലും ദയ കാണിക്കുന്നില്ല. ഓരോരുത്തരും അവനവന്റെ മേലാണ് ദയ കാണിക്കേണ്ടത്. ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. ദയയില്ലാത്ത രാവണൻ നിങ്ങളെ ദുഃഖത്തിലേക്ക് കൊണ്ടു വന്നു. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇതിൽ രാവണന്റെ ദോഷമൊന്നുമില്ല. ബാബ വന്ന് കേവലം നിർദ്ദേശങ്ങൾ നൽകുന്നു. ഇതിനെത്തന്നെയാണ് ബാബയുടെ ദയ എന്നു പറയുന്നത്. ബാക്കി ഈ രാവണ രാജ്യം വീണ്ടും ഉണ്ടാകുന്നു. ഡ്രാമ അനാദിയാണ്. ഇതിൽ രാവണന്റെയോ മനുഷ്യരുടെയോ ദോഷമില്ല. ചക്രം കറങ്ങുകതന്നെ വേണം. രാവണനിൽ നിന്നും മുക്തമാകാനുള്ള യുക്തികളാണ് ബാബ പറഞ്ഞുതരുന്നത്. രാവണന്റെ മതമനുസരിച്ച് ജീവിച്ച് നിങ്ങൾ എത്ര പാപാത്മാക്കളായിമാറി. ഇപ്പോൾ ലോകം പഴയതാണ്. പിന്നീട് തീർച്ചയായും പുതിയ ലോകം വരും. ചക്രം കറങ്ങുമല്ലോ. തീർച്ചയായും സത്യയുഗത്തിന് വരുകതന്നെ വേണം. ഇപ്പോൾ സംഗമയുഗമാണ്. മഹാഭാരതയുദ്ധവും ഈ സമയത്തേതാണ്. വിനാശകാലേ വിപരീത ബുദ്ധി വിനശന്തി. ബാക്കി ഇതെല്ലാം തന്നെ സംഭവിക്കേണ്ടതാണ്. പവിത്രമാകാതെ ദേവതയാവാൻ ബുദ്ധിമുട്ടാണെന്നുള്ളതും അറിയാം. ഇപ്പോൾ ശ്രേഷ്ഠ ദേവതയാകാൻ ബാബയിൽ നിന്നുമുള്ള ശ്രീമതം ലഭിച്ചിരിക്കുകയാണ്. ഇങ്ങനെയൊരു മതം മറ്റെവിടെ നിന്നും ലഭിക്കില്ല. ഭഗവാന് ശ്രീമതം നൽകാനുള്ള പാർട്ട് സംഗമത്തിലാണ്. മറ്റാരിലും തന്നെ ഈ ജ്ഞാനമില്ല. ആത്മീയ ജ്ഞാനം ജ്ഞാനസാഗരനായ പരമാത്മാവാണ് നൽകുന്നത്. ജ്ഞാനസാഗരൻ, സുഖസാഗരൻ... ഇതെല്ലാം ബാബയുടെ തന്നെ മഹിമയാണ്. ബാബ പുരുഷാർത്ഥത്തിനുള്ള യുക്തികളാണ് പറഞ്ഞു തരുന്നത്. ഈയൊരു ചിന്തവേണം ഇപ്പോൾ തോറ്റു പോയാൽ കല്പകല്പം തോറ്റു പോകും. വളരെ വലിയ മുറിവു പറ്റും. ശ്രീമതം പാലിക്കാത്തതിനാലാണ് മുറിവ് പറ്റുന്നത്. ബ്രാഹ്മണരുടെ വൃക്ഷത്തിന് തീർച്ചയായും അഭിവൃദ്ധി പ്രാപിക്കണം. ദേവതകളുടെ വൃക്ഷത്തിനോളം വലുപ്പമുണ്ടാകും. നിങ്ങൾക്ക് പുരുഷാർത്ഥം ചെയ്യുകയും ചെയ്യിപ്പിക്കുകയും വേണം. തൈകൾ നട്ടുകൊണ്ടിരിക്കും. വൃക്ഷം വലുതായിക്കൊണ്ടിരിക്കും. നിങ്ങൾക്കറിയാം ഇപ്പോൾ നമ്മുടെ മംഗളം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പതിതലോകത്തിൽ നിന്നും പാവനലോകത്തേക്കു പോകുന്നതിന്റെ മംഗളമാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയുടെ പൂട്ട് ഇപ്പോൾ തുറന്നു കഴിഞ്ഞു. ബാബ ബുദ്ധിവാന്റെയും ബുദ്ധിവാനല്ലേ. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി കൊണ്ടിരിക്കുന്നു, ഇനി മുന്നോട്ട് പോകവേ അറിയാൻ സാധിക്കും ആരുടെയെല്ലാം പൂട്ടാണ് തുറക്കുക എന്ന്. ഇതും ഡ്രാമയിലുള്ളതാണ്. ശേഷം വീണ്ടും സത്യയുഗം മുതൽക്ക് ആവർത്തിക്കുന്നു. ലക്ഷ്മീ–നാരായണൻ സിംഹാസനത്തിൽ ഇരുന്നാൽ പുതു സംവത്സരം ആരംഭിക്കുന്നു. ഒന്ന് മുതൽക്ക് 1250 വർഷങ്ങൾ സ്വർഗ്ഗമാണെന്ന് നിങ്ങൾ എഴുതുന്നുമുണ്ട്. എത്ര വ്യക്തമാണ്. ഇത് സത്യ നാരായണന്റെ കഥയാണ്. അമരകഥയുമുണ്ടല്ലോ. നിങ്ങൾ കുട്ടികൾ ഇപ്പോൾ സത്യം സത്യമായ അമരകഥയാണ് കേൾക്കുന്നത് ഇതിന്റെ മഹിമയാണ് പിന്നീട് ഉണ്ടാകുന്നത്. ആഘോഷങ്ങളെല്ലാം തന്നെ ഈ സമയത്തെ ഓർമ്മചിഹ്നങ്ങളാണ്. നമ്പർവൺ ഉത്സവമാണ് ശിവജയന്തി. കലിയുഗത്തിനു ശേഷം വിശ്വത്തെ പരിവർത്തനപ്പെടുത്തുന്നതിനായി തീർച്ചയായും ബാബയ്ക്ക് വരേണ്ടതായി വരുന്നു. ചിത്രങ്ങൾ ആരെങ്കിലും നോക്കുകയാണെങ്കിൽ എത്ര നല്ല രീതിയിലാണ് പൂർണ്ണമായ കണക്കുകൾ കാണിച്ചിരിക്കുന്നത്. നിങ്ങൾക്ക് ചിത്രങ്ങൾകൊണ്ടു വേണം മറ്റുള്ളവരെ സത്കരിക്കാൻ. എത്രത്തോളം കല്പം മുമ്പും പുരുഷാർത്ഥം ചെയ്തോ അത്രത്തോളം തീർച്ചയായും ചെയ്യും. സാക്ഷിയായി മറ്റുള്ളവരുടെ പുരുഷാർത്ഥത്തെയും നോക്കണം. അവനവന്റെ പുരുഷാർത്ഥത്തെക്കുറിച്ചും അറിയണം. വിദ്യാർത്ഥികൾക്ക് തന്റെ പഠിപ്പിനെക്കുറിച്ച് അറിയില്ലേ? ഞാൻ ഈ വിഷയത്തിൽ വളരെ മോശമാണെന്ന് മനസ്സിലായാൽ ഒരുപാട് ഹൃദയം വേദനിക്കും. പിന്നീട് തോറ്റു പോകും. പരീക്ഷാ സമയത്ത് മോശമായ കുട്ടികളുടെ ഹൃദയം പിടഞ്ഞുകൊണ്ടിരിക്കും. നിങ്ങൾ കുട്ടികൾക്കും സാക്ഷാത്കാരം ലഭിക്കുന്നു. എന്നാൽ

തോറ്റു കഴിഞ്ഞാൽ എന്തുചെയ്യാൻ സാധിക്കും! സ്കൂളിൽ തോറ്റുപോയാൽ ബന്ധുക്കളും ടീച്ചേഴ്സും ദേഷ്യപ്പെടുന്നു. പറയുന്നു, ഞങ്ങളുടെ സ്കൂളിൽ നിന്നും കുറഞ്ഞ പാസ്സാണെങ്കിൽ ടീച്ചേഴ്സ് നല്ലതല്ലാത്തതുകൊണ്ടാണെന്ന് മറ്റുള്ളവർ പറയും. ബാബയ്ക്കുമറിയാം സെന്ററുകളിൽ ആരെല്ലാമാണ് നല്ല ടീച്ചർമാർ, എങ്ങനെയെല്ലാമാണ് പഠിപ്പിക്കുന്നത്. ആരെല്ലാമാണ് നല്ല രീതിയിൽ പഠിപ്പിച്ച് ആത്മാക്കളെ തയ്യാറാക്കി കൊണ്ടു വരുന്നത്. ബാബ പറയുന്നു - കാർമേഘങ്ങളെ കൊണ്ടുവരണം. ചെറിയകുട്ടികളെ കൊണ്ടു വന്നാൽ അവരിൽ മോഹമുണ്ടാകുന്നു. ഒറ്റയ്ക്ക് വന്നാൽ മാത്രമേ ബുദ്ധി ഇതിൽ തന്നെ മുഴുകൂ. നിങ്ങൾ അവിടെയും കുട്ടികളെ നോക്കികൊണ്ടിരിക്കുന്നുണ്ടല്ലോ.

ബാബ പറയുന്നു ഈ പഴയലോകം ശ്മശാനമാകേണ്ടതാണ്. പുതിയ കെട്ടിടമുണ്ടാക്കുമ്പോൾ ബുദ്ധിയിലുണ്ടാകുമല്ലോ നമ്മൾ പുതിയത് ഉണ്ടാക്കുകയാണ്. ജോലികളെല്ലാം ചെയ്തുകൊണ്ടും ബുദ്ധി പുതിയ കെട്ടിടത്തിലേക്ക് പോകുന്നു. മിണ്ടാതിരിക്കാൻ സാധിക്കില്ലല്ലോ. അത് പരിധിയുള്ള കാര്യം ഇവിടെ പരിധിയില്ലാത്ത കാര്യം. ഓരോ കാര്യങ്ങൾ ചെയ്തുകൊണ്ടും ഈ സന്തോഷമുണ്ടായിരിക്കണം, ഇപ്പോൾ നമ്മൾ വീട്ടിലേക്ക് പോയി പിന്നീട് തന്റെ രാജധാനിയിലേക്ക് തിരികെ വരും, എന്നാൽ അപാര സന്തോഷമുണ്ടായിരിക്കും. ബാബ പറയുന്നു, തന്റെ കുട്ടികളേയും സംരക്ഷിക്കണം. എന്നാൽ ബുദ്ധി അവിടെ വയ്ക്കണം. ഓർമ്മിക്കാതെ ഒരിക്കലും പാവനമാകാൻ സാധിക്കില്ല. ഓർമ്മയിലൂടെ പവിത്രമാകുന്നു, ജ്ഞാനത്തിലൂടെ സമ്പാദിക്കാം. ഇവിടെ എല്ലാവരും പതിതരാണ്. രണ്ട് തീരങ്ങളുണ്ട്. ബാബയെ തോണിക്കാരനെന്ന് പറയുന്നുണ്ടെങ്കിലും അർത്ഥം മനസ്സിലാക്കുന്നില്ല. നിങ്ങൾക്കറിയാം ബാബ അക്കര കടത്തുകയാണ്. ആത്മാവിന് അറിയാം നമ്മളിപ്പോൾ ബാബയെ ഓർമ്മിച്ച് വളരെ സമീപത്തേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. തോണിക്കാരൻ എന്ന പേരും അർത്ഥസഹിതമാണ്. എല്ലാവരും മഹിമ പാടാറുണ്ട് - എന്റെ തോണിയെ അക്കര കടത്തൂ... സത്യയുഗത്തിൽ ഇങ്ങനെ പറയുമോ? കലിയുഗത്തിൽ തന്നെയാണ് വിളിക്കുന്നത്. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു, വിവേകഹീനർക്ക് ഇങ്ങോട്ട് വരേണ്ടതില്ല. ഇത് ബാബ തീർത്തും നിരോധിച്ചിരിക്കുകയാണ്. നിശ്ചയമില്ലെങ്കിൽ ഒരിക്കലും ഇങ്ങോട്ട് കൊണ്ടു വരരുത്. കാരണം അവർ ഒന്നും തന്നെ മനസ്സിലാക്കില്ല. ആദ്യം ഏഴു ദിവസത്തെ കോഴ്സ് കൊടുക്കണം. ചിലർക്ക് രണ്ടു ദിവസം കൊണ്ടുതന്നെ അമ്പേൽക്കാറുണ്ട്. നല്ലതാണെന്നു തോന്നിക്കഴിഞ്ഞാൽ പിന്നെ ഒരിക്കലും ഉപേക്ഷിക്കില്ല. ഞങ്ങൾ വീണ്ടും ഏഴു നാളുകൾ കൂടി പഠിക്കാമെന്നു പറയുന്നു. അപ്പോൾ തന്നെ നിങ്ങൾക്ക് അവർ ഈ കുലത്തിലേതാണെന്നുള്ളത് മനസ്സിലാക്കാൻ സാധിക്കുന്നു. തീക്ഷ്ണബുദ്ധിയുള്ളവർ മറ്റൊരു കാര്യത്തെക്കുറിച്ചും ചിന്തിക്കില്ല. ഒരു ജോലി പോയാൽ തന്നെ മറ്റൊന്ന് ലഭിക്കുമല്ലോ എന്ന് ചിന്തിക്കുന്നു. ഏതു കുട്ടികളുടെ ഹൃദയത്തിലാണോ പ്രഭുവിനോട് പ്രീതിയുള്ളത് അവരുടെ ജോലി ഒരിക്കലും ഇല്ലാതാവുകയില്ല. അവർ സ്വയം തന്നെ ഇതിനെക്കുറിച്ച് അത്ഭുതപ്പെടാറുണ്ട്. പെൺകുട്ടികൾ പറയുന്നു, ബാബാ ഞങ്ങളുടെ പതിയുടെ ബുദ്ധിയെ തിരിപ്പിക്കൂ. ബാബ പറയുന്നു- ഇത് എന്നോട് പറയേണ്ട. നിങ്ങൾ യോഗബലത്തിലിരുന്ന് പിന്നെ ജ്ഞാനം മനസ്സിലാക്കിക്കൊടുക്കൂ. ബാബ ബുദ്ധിയെ തിരിപ്പിക്കുകയില്ല. അങ്ങനെയെങ്കിൽ പിന്നെ എല്ലാവർക്കും ഈ പണി ചെയ്തുകൊടുക്കേണ്ടതായി വരും. ഏതെങ്കിലും രീതി തുടങ്ങിയാൽ പിന്നെ അതിൽ തന്നെ മുറുകെ പിടിച്ചിരിക്കും. ഏതെങ്കിലും ഗുരുവിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും നേട്ടം വരികയാണെങ്കിൽ, അവരുടെ പിറകെ തന്നെ കൂടുന്നു. പുതിയ ആത്മാക്കൾ മുകളിൽ നിന്നും വരുമ്പോൾ അവരുടെ മഹിമ പാടാറുണ്ടല്ലോ. പിന്നീട് അവർക്ക് നിറയെ ശിഷ്യരുണ്ടാകുന്നു, അതുകൊണ്ട് നിങ്ങൾ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും തന്നെ കാണരുത്. നിങ്ങൾക്ക് സ്വയം അവനവനെ നോക്കണം, ഞാൻ എത്രത്തോളം പഠിക്കുന്നുണ്ട്? ഇത് ബാബ വളരെയധികം വിശദമായി ചിറ്റ്ചാറ്റ് നടത്തുകയാണ്. ബാക്കി ഇതു മാത്രം പറയൂ, ബാബയെ ഓർമ്മിക്കണം ഇത് വീട്ടിലിരുന്നു കൊണ്ടാണെങ്കിലും ചെയ്യാൻ സാധിക്കുന്നു. ബാബ ജ്ഞാനസാഗരനാണെങ്കിൽ തീർച്ചയായും ജ്ഞാനവും നൽകുമല്ലോ. ബാക്കി മുഖ്യമായ കാര്യമാണ് - മന്മനാഭവ. അതിനോടൊപ്പം സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കി തരുന്നു. വളരെ നല്ല-നല്ല ചിത്രങ്ങളും ഇപ്പോഴുണ്ടല്ലോ. അതിന്റെ അർത്ഥത്തെക്കുറിച്ചും ബാബ മനസ്സിലാക്കിത്തരുന്നു. വിഷ്ണുവിന്റെ നാഭിയിൽ നിന്നും ബ്രഹ്മാവിനെ കാണിച്ചിട്ടുണ്ട്. ത്രിമൂർത്തി ബ്രഹ്മാവെന്നും പറയുന്നു, വിഷ്ണുവിന്റെ നാഭിയിൽ നിന്നും വരുന്നതായും കാണിക്കുന്നു, ഇതിന്റെയെല്ലാം അർത്ഥമെന്താണ്? ബാബ ഇത് ശരിയാണോ തെറ്റാണോ എന്ന് മനസ്സിലാക്കിത്തരുന്നു. തന്റെ മനോധർമ്മത്തിലും ചിലർ ധാരാളം ചിത്രങ്ങളുണ്ടാക്കുമല്ലോ. ചില-ചില ശാസ്ത്രങ്ങളിലും ചക്രത്തെക്കുറിച്ച് കാണിച്ചിട്ടുണ്ട്. എന്നാൽ പലരും ചക്രത്തിന് പല-പല ആയുസ്സാണ് കാണിച്ചിട്ടുള്ളത്. അനേക മതങ്ങളാണ്. ശാസ്ത്രങ്ങളിൽ പരിധിയുള്ള കാര്യങ്ങൾ കാണിച്ചിട്ടുണ്ട്. ബാബ പരിധിയില്ലാത്ത കാര്യങ്ങളാണ് മനസ്സിലാക്കിത്തരുന്നത്, ഈ സൃഷ്ടി മുഴുവനും രാവണന്റെ രാജ്യമാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഈ ജ്ഞാനമുണ്ട്, നമ്മൾ എങ്ങനെ പതിതമായി പിന്നീട് എങ്ങനെ പാവനമാകുന്നു. അവസാനമാണ് മറ്റുള്ള ധർമ്മങ്ങൾ വരുന്നത്. വിവിധ ധർമ്മങ്ങളാണ്, ഒന്നിനെയും മറ്റൊന്നുമായി താരതമ്യപ്പെടുത്താൻ സാധിക്കില്ല. ഒരേ രീതിയിലുള്ള പാർട്ട്

ആർക്കുമുണ്ടാകില്ല. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ നാടകമാണ് ആവർത്തിച്ചു കൊണ്ടിരിക്കുന്നത്. ബാബ കുട്ടികൾക്കാണ് മനസ്സിലാക്കിത്തരുന്നത്. സമയം കുറഞ്ഞുകൊണ്ടേയിരിക്കുന്നു. സ്വയം തന്നെ പരിശോധിക്കൂ - ഞാൻ എത്രത്തോളം സന്തോഷത്തോടെയിരിക്കുന്നുണ്ട്? വികർമ്മങ്ങളൊന്നും തന്നെ ചെയ്യരുത്. കൊടുങ്കാറ്റുൾ വരിക തന്നെ ചെയ്യും. ബാബ മനസ്സിലാക്കിത്തരുന്നു കുട്ടികളേ, തന്റെ ചാർട്ട് പരിശോധിക്കൂ അപ്പോൾ എന്തെല്ലാം തെറ്റുകൾ സംഭവിച്ചിട്ടുണ്ടോ അതിന്റെ പശ്ചാത്താപമുണ്ടാകും. ഇത് യോഗബലത്തിലൂടെ സ്വയം തനിക്ക് മാപ്പ് നൽകുന്നതിന് സമാനമാണ്. അല്ലാതെ ബാബ ഒരിക്കലും ക്ഷമിക്കുന്നില്ല, മാപ്പ് നൽകുന്നില്ല. ഡ്രാമയിൽ ക്ഷമ എന്ന അക്ഷരമേയില്ല. നിങ്ങൾക്ക് തന്റെ പ്രയത്നം ചെയ്യണം. പാപത്തിന്റെ ശിക്ഷകൾ മനുഷ്യൻ സ്വയം അനുഭവിക്കുന്നു. ഇതിൽ ക്ഷമയുടെ കാര്യം തന്നെയില്ല. ബാബ പറയുന്നു ഓരോ കാര്യത്തിലും പ്രയത്നിക്കണം. ബാബ ആത്മാക്കൾക്ക് യുക്തികൾ പറഞ്ഞു തരുന്നു. ബാബയെ വിളിക്കുന്നതു തന്നെ പഴയ രാവണന്റെ ദേശത്തേക്കാണ്, വരൂ വന്ന് ഞങ്ങൾ പതിതരെ പാവനമാക്കൂ. എന്നാൽ മനുഷ്യർ മനസ്സിലാക്കുന്നില്ല, അവർ ആസുരീയ രാവണ സമ്പ്രദായത്തിലുള്ളവരാണ്. നിങ്ങൾ ബ്രാഹ്മണ സമ്പ്രദായത്തിലുള്ളവരാണ്, നിങ്ങൾ ദൈവീക സമ്പ്രദായത്തിലുള്ളവരായി മാറിക്കൊണ്ടിരിക്കുകയാണ്. കുട്ടികൾ നമ്പർവൈസായാണ് പുരുഷാർത്ഥവും ചെയ്തുകൊണ്ടിരിക്കുന്നത്. അപ്പോൾ പറയാം ഇവരുടെ ഭാഗ്യത്തിൽ ഇത്രയേയുള്ളൂ. തന്റെ സമയത്തെ വ്യർത്ഥമാക്കുന്നു. അങ്ങനെയാണെങ്കിൽ ജന്മജന്മാന്തരം കല്പകല്പാന്തരം ഉയർന്ന പദവി ലഭിക്കില്ല. സ്വയം അവനവന് നഷ്ടം വരുത്തി വയ്ക്കരുത്. കാരണം ഇപ്പോൾ എന്താണോ ശേഖരിക്കുന്നത് അത് വീണ്ടും നഷ്ടത്തിലേക്ക് പോകുന്നു. രാവണരാജ്യത്തിൽ എത്ര നഷ്ടമാണുണ്ടാകുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) അന്തർമുഖിയായി അവനവനെ പരിശോധിക്കണം, എന്തെല്ലാം തെറ്റുകൾ സംഭവിച്ചിട്ടുണ്ടോ അതിനെ ഹൃദയം കൊണ്ട് പശ്ചാത്തപിച്ച് യോഗബലത്തിലൂടെ മാപ്പ് നൽകണം. ഇതിൽ സ്വയം തന്നെ പ്രയത്നിക്കണം.

2) ബാബയുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് സ്വയം തന്റെ മേൽ ദയ കാണിക്കണം. സാക്ഷിയായി തന്റെയും മറ്റുള്ളവരുടെയും പുരുഷാർത്ഥത്തെ കാണണം. ഒരിക്കലും അവനവനെ നഷ്ടത്തിലേക്ക് കൊണ്ടു വരരുത്.

## വരദാനം:- വിശ്വമംഗളത്തിന്റെ ഭാവനയിലൂടെ ഓരോ ആത്മാവിന്റെയും സുരക്ഷയുടെ പ്ലാൻ ഉണ്ടാക്കുന്ന സത്യമായ ദയാമനസ്കരായി ഭവിക്കട്ടെ.

വർത്തമാന സമയത്ത് പല ആത്മാക്കളും സ്വയം തങ്ങളുടെത്തന്നെ അമംഗളത്തിന് നിമിത്തമായിക്കൊണ്ടിരിക്കുന്നുണ്ട്, അവർക്ക് വേണ്ടി ദയാമനസ്കരായി എന്തെങ്കിലും പ്ലാൻ ഉണ്ടാക്കൂ. ഏത് ആത്മാവിന്റെയും പാർട്ട് കണ്ട് സ്വയം ചഞ്ചലപ്പെടരുത്, മറിച്ച് അവരുടെ സുരക്ഷക്കുള്ള മാർഗ്ഗം ചിന്തിക്കൂ. ഇതൊക്കെ സംഭവിച്ചുകൊണ്ടിരിക്കും, വൃക്ഷം ജീർണ്ണിക്കുക തന്നെ ചെയ്യും, ഇങ്ങനെയാകരുത്. വന്ന വിഘ്നങ്ങളെ സമാപ്തമാക്കൂ. വിശ്വമംഗളകാരി അഥവാ വിഘ്ന വിനാശകരുടെ ടൈറ്റിലുണ്ട്- അതിൻ പ്രകാരം സങ്കൽപം, വാക്ക്, കർമ്മത്തിൽ ദയാമനസ്കരായി വായുമണ്ഡലത്തിൽ മാറ്റം കൊണ്ടുവരുന്നതിൽ സഹയോഗിയാകൂ.

## സ്ലോഗൻ:- കർമ്മയോഗിയാകാൻ അവർക്കാണ് സാധിക്കുക ആരാണോ ബുദ്ധിയുടെ മേൽ ശ്രദ്ധയാകുന്ന കാവൽ ഏർപ്പെടുത്തുന്നത്.

**അവ്യക്ത സൂചനകൾ- സങ്കൽപങ്ങളുടെ ശക്തി സംഭരിച്ച് ശ്രേഷ്ഠ സേവനത്തിന് നിമിത്തമാകൂ.**
അന്തിമത്തിൽ ഫൈനൽ പേപ്പറിലെ ചോദ്യമിതായിരിക്കും- സെക്കന്റിൽ ഫുൾസ്റ്റോപ്പ്, ഇതിൽത്തന്നെയാണ് നമ്പർ ലഭിക്കുക. സെക്കന്റിനേക്കാൾ കൂടിപ്പോയാൽ തോറ്റുപോകും. "ഒരു ബാബയും ഞാനും", മൂന്നാമതൊരു കാര്യവും വരരുത്. ഇത് ചെയ്യട്ടെ, ഇത് നോക്കട്ടെ....ഇത് കഴിഞ്ഞു, ഇത് കഴിഞ്ഞില്ല... ഇങ്ങനെയാകരുത്. ഇതെന്ത് കൊണ്ട് സംഭവിച്ചു, ഇതെന്താ സംഭവിച്ചത്- അങ്ങനെ ഏതെങ്കിലും സങ്കൽപ്പം വന്നാൽ ഫൈനൽ പേപ്പറിൽ പാസാവുകയില്ല.